2024
MAY
14
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ






## മുംബൈയിൽ പരസ്യബോർഡ് തകർന്ന് വീണ് അപകടം: മരണം 14 ആയി

**മുംബൈ:** ഘാട്കോപ്പറിലെ ചെഡ്ഡാ നഗറിൽ 100 അടി ഉയരത്തിൽ സ്ഥാപിച്ച പരസ്യ ബോർഡ് തകർന്നുണ്ടായ അപകടത്തിൽ മരണം 14 ആയി. പരുക്കേറ്റവരുടെ എണ്ണം 60 ആയി. പെട്രോൾ പമ്പിന് എതിർവശത്തായി സ്ഥാപിച്ച പരസ്യബോർഡാണു തകർന്നുവീണത്. പമ്പിലുണ്ടായിരുന്ന നിരവധി കാറുകളുടെ മുകളിലേക്കാണ് ബോർഡിന്റെ ലോഹ ചട്ടക്കൂട് വീണത്. അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നവരെ രക്ഷപ്പെടുത്തുന്നതിനായി എൻഡിആർഎഫ് സംഘം സ്ഥലത്തു തുടരുകയാണെന്ന് പൊലീസ് പറഞ്ഞു.

ആളുകളെ രക്ഷപ്പെടുത്തുന്നതാണ് പ്രധാനമെന്നും പരുക്കേറ്റവരുടെ ചികിത്സ സർക്കാർ ഏറ്റെടുക്കുമെന്നും മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ അറിയിച്ചു. അപകടത്തിൽ ജീവൻ പൊലിഞ്ഞവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം വീതം നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. വിഷയത്തിൽ അന്വേഷണം പ്രഖ്യാപിച്ചതായി ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്!നാവിസ് പറഞ്ഞു.

## ഗാസയിൽ ആക്രമണം; ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യൻ ഉദ്യോഗസ്ഥൻ കൊല്ലപ്പെട്ടു

### ഇസ്രയേൽഹമാസ് സംഘർഷം ആരംഭിച്ചതിന് ശേഷം ഐക്യരാഷ്ട്രസഭയിലെ അംഗം കൊല്ലപ്പെടുന്ന ആദ്യത്തെ സംഭവമാണിത്

**ഗാസ:** ഗാസയിലുണ്ടായ ആക്രമണത്തിൽ ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യക്കാരനായ ഉദ്യോഗസ്ഥൻ കൊല്ലപ്പെട്ടു. യുണൈറ്റഡ് നേഷൻസ് ഡിപ്പാർട്ട്മെൻറ് ഓഫ് സേഫ്റ്റി ആൻഡ് സെക്യൂരിറ്റിയിലെ (ഡിഎസ്എസ്) സ്റ്റാഫ് അംഗമാണ് കൊല്ലപ്പെട്ടത്. ഇദ്ദേഹം സഞ്ചരിച്ച വാഹനത്തിനു നേരെ ആക്രമണമുണ്ടാകുകയായിരുന്നു.

കൊല്ലപ്പെട്ടയാളുടെ വിവരങ്ങൾ ഇതുവരെ പുറത്തുവിട്ടിട്ടില്ല. ഇദ്ദേഹം ഇന്ത്യൻ ആർമിയിലെ മുൻ ഉദ്യോഗസ്ഥനായിരുന്നുവെന്നാണ് സൂചന. റഫയിലെ യൂറോപ്യൻ ആശുപത്രിയിലേക്ക് പോകുന്നതിനിടെയുണ്ടായ സംഭവത്തിൽ മറ്റൊരു ഉദ്യോഗസ്ഥന് പരിക്കുമേറ്റു.

ഇസ്രയേൽഹമാസ് സംഘർഷം ആരംഭിച്ചതിന് ശേഷം ഐക്യരാഷ്ട്രസഭയിലെ അംഗം കൊല്ലപ്പെടുന്ന ആദ്യത്തെ സംഭവമാണിത്. ആക്രമണത്തെ അപലപിച്ച് യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് രംഗത്തെത്തി.



യുഎൻ ഉദ്യോഗസ്ഥർക്കെതിരായ എല്ലാ ആക്രമണങ്ങളെയും ഗുട്ടെറസ് അപലപിക്കുന്നുവെന്നും സമഗ്രമായ അന്വേഷണം വേണമെന്നും സെക്രട്ടറി ജനറലിൻറെ ഡെപ്യൂട്ടി വക്താവ് ഫർഹാൻ ഹഖ് പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു.

## നാണയപ്പെരുപ്പം 4.83%

**കൊച്ചി:** ചില്ലറ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം ഏപ്രിലിൽ 4.83 ശതമാനത്തിലെത്തി. മാർച്ചിലിത് 8.5 ശതമാനമായിരുന്നു.

ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലയിൽ കഴിഞ്ഞ മാസം 8.7 ശതമാനം വർധനയാണുണ്ടായത്. നാണയപ്പെരുപ്പം നാല് ശതമാനത്തിന് താഴെയെത്തിക്കാനാണ് റിസർവ് ബാങ്കിന് കേന്ദ്ര സർക്കാർ നിർദേശം നൽകിയിട്ടുള്ളത്. പൊതു തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുമ്പോൾ ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റം കേന്ദ്ര സർക്കാരിന് കടുത്ത പരീക്ഷണമാണ് സൃഷ്ടിക്കുന്നത്.

ലക്ഷ്യമിടുന്നതിലും ഉയർന്ന തലത്തിൽ നാണയപ്പെരുപ്പം തുടരുന്നതിനാൽ ഈ വർഷം മുഖ്യ പലിശ നിരക്കുകൾ കുറയാനുള്ള സാധ്യതകൾ മങ്ങുകയാണ്. നാണയപ്പെരുപ്പം നിയന്ത്രിക്കാനുള്ള നടപടികളുടെ ഭാഗമായി 2022 മേയ് മാസത്തിന് ശേഷം റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്കായ റിപ്പോ ആറ് തവണയായി 2.5 ശതമാനം വർധിപ്പിച്ചിരുന്നു.



അവലോകന കാലയളവിൽ ധാന്യങ്ങളുടെ വില 8.63 ശതമാനവും പയർവർഗങ്ങൾക്ക് 16.84 ശതമാനവും പച്ചക്കറികൾക്ക് 27.8 ശതമാനവും വില വർധന രേഖപ്പെടുത്തി. ഇന്ധന, വൈദ്യുതി മേഖലയിൽ വിലയിൽ അവലോകന കാലയളവിൽ 4.24 ശതമാനം കുറവുണ്ടായി.

ഉഷ്ണ തരംഗം ഇന്ത്യയുടെ പ്രധാന കാർഷിക മേഖലകളിൽ കനത്ത ഉത്പാദന തകർച്ച സൃഷ്ടിച്ചതിനാൽ പച്ചക്കറികൾ, ധാന്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പയർ വർഗങ്ങൾ എന്നിവയുടെ വില കുത്തനെ കൂടുന്നതെന്ന് വിപണി വൃത്തങ്ങൾ പറയുന്നു. തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ പ്രധാന കാർഷിക ഉത്പാദന സംസ്ഥാനങ്ങളെല്ലാം അത്യുഷ്ണം മൂലം കനത്ത കെടുതികളാണ് നേരിടുന്നത്. ഇതോടെ പ്രധാന പച്ചക്കറി ഉത്പന്നങ്ങളുടെയെല്ലാം വില കഴിഞ്ഞ ദിവസങ്ങൾ പൊടുന്നനെ കുതിച്ചുയർന്നിരുന്നു.

ഇതോടൊപ്പം സുഗന്ധവ്യഞ്ജനങ്ങൾ, ഭക്ഷ്യ എണ്ണ എന്നിവയുടെ വിലയും കുതിച്ചുയരുകയാണ്. പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി പല കാർഷിക ഉത്പന്നങ്ങളുടെയും കയറ്റുമതി നിയന്ത്രണങ്ങൾ ഭാഗികമായി ഒഴിവാക്കിയതിനാൽ ആഭ്യന്തര വില മുകളിലേക്ക് നീങ്ങുകയാണ്. ഇതോടെ വിപണിയിലെ പണലഭ്യത കുറയ്ക്കാൻ റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്ക് വീണ്ടും ഉയർത്താൻ നിർബന്ധിതരാകുമെന്ന ആശങ്ക അനലിസ്റ്റുകൾ പ്രകടിപ്പിക്കുന്നു.






# ടി വി ചാനലുകൾക്കൊപ്പം ഒടിടി പ്ലാറ്റ്ഫോമും; 'സ്മാർട്ട് പ്ലസ്' പാക്കേജ് അവതരിപ്പിച്ച് ഡിഷ് ടിവി

**കൊച്ചി:** അധിക ചെലവുകൾ ഒന്നുമില്ലാതെ, റീചാർജ് ചെയ്യുന്ന നേരത്തുതന്നെ ജനപ്രിയ ഒടിടി പ്ലാറ്റ്ഫോമുകളും ലഭിക്കുന്ന സ്മാർട്ട് പ്ലസ് പാക്കേജ് അവതരിപ്പിച്ച് പ്രമുഖ ഡിടിഎച്ച് (ഡയറക്റ്റ് ടു ഹോം) സേവന ദാതാക്കളായ ഡിഷ് ടിവി. ഉപഭോക്താക്കൾക്ക് ഇഷ്ടാനുസരണം മാറ്റിയെടുക്കാവുന്ന പ്ലാനുകളിൽ ഇനിമുതൽ ഒടിടി പ്ലാറ്റ്ഫോമുകളും ലഭ്യമാകും. അധിക പണ ചെലവില്ലാതെ ഇന്ത്യയിലെവിടെയുമുള്ള ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകാനാണ് ഡിഷ് ടിവി ലക്ഷ്യമിടുന്നതെന്ന് ഡിഷ് ടിവി ഇന്ത്യയുടെ സിഇഒ മനോജ് ധോബൽ പറഞ്ഞു.

ചാനലുകൾക്ക് പുറമെ ഒടിടി പ്ലാറ്റ്ഫോമുകളും പണമടച്ച് വാങ്ങുന്ന ടെലിവിഷൻ എന്റർടൈൻമെന്റ് മേഖലയിൽ ഇത്തരമൊരു നീക്കം ഇതാദ്യമാണ്. നിലവിലുള്ള വരിക്കാർക്കും പുതിയ സേവനം ലഭ്യമാകും. ഒടിടി സൂപ്പർ ആപ്ലിക്കേഷൻ, സ്മാർട്ട് ആൻഡ്രോയിഡ് സെറ്റ്ടോപ്പ് ബോക്സ് എന്നിവ നിർമ്മിക്കുന്ന മുൻനിര ടിവി, മൊബൈൽ ഉല്പന്ന നിർമ്മാതാക്കളുമായി സഹകരിച്ചാണ് ഡിഷ് ടിവി സ്മാർട്ട് പ്ലസ് സേവനം നൽകുന്നത്.മാറുന്ന ഇന്ത്യയ്ക്കായി മികവുറ്റ കാഴ്ച അനുഭവം ഒരുക്കുന്നതിൽ ഡിഷ് ടിവി ബഹുദൂരം മുന്നിലാണ്.'ഡിഷ് ടിവിയുടെ ആരംഭം മുതൽക്കേ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ചുള്ള പാക്കേജുകളാണ് നൽകുന്നത്. പുതിയ രീതിയിലുള്ള ചാനൽ പാക്കേജുകൾ അവതരിപ്പിച്ച് വിപണിയെ മത്സരാധിഷ്ഠിതമാക്കാനും ഞങ്ങൾക്കായി. ഇതിന്റെ തുടർച്ചയായി, ഞങ്ങൾ അവതരിപ്പിക്കുന്ന സ്മാർട്ട് പ്ലസ് സേവനം ഇന്ത്യൻ ടെലിവിഷൻ വിനോദ മേഖലയിൽ വിപ്ലവം സൃഷ്ടിക്കുമെന്ന് ഉറപ്പാണ്. ചാനലുകളും ഒടിടി പ്ലാറ്റ്ഫോമുകളും ഒന്നിച്ച് ലഭ്യമാക്കുന്നതിലൂടെ ഉപഭോക്താക്കളുടെ സമ്പൂർണമായ വിനോദ ആവിശ്യങ്ങൾ പരിഹരിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. സ്മാർട്ട് പ്ലസ് സേവനത്തെക്കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനായി സാമൂഹിക മാധ്യമങ്ങളിലുൾപ്പടെ വലിയ ക്യാമ്പയിൻ നടത്തും.നിലവിലുള്ള സബ്സ്ക്രൈബർമാർക്കായി, ഡിഷ് ടിവി പ്ലാറ്റ്ഫോമുകളിലൂടെ പുഷ് അറിയിപ്പുകൾ, ഇൻആപ്പ് അറിയിപ്പുകൾ, ഇമെയിൽ എന്നിവ നൽകും.

അതേസമയം, പുതിയ ഉപഭോക്താക്കൾക്ക്, ഓഫറിന്റെ അറിയിപ്പുകൾ ടിവി, ഡിജിറ്റൽ ചാനലുകൾ വഴി നൽകും.സ്മാർട്ട് പ്ലസ് പാക്കേജ് അവതരിപ്പിക്കുന്നതിലൂടെ ഞങ്ങൾ ഒരു പുതിയ പ്രമേയം അവതരിപ്പിക്കുക മാത്രമല്ല; വിനോദ മേഖലയിൽ മാതൃകാപരമായ മാറ്റത്തിന് നേതൃത്വം നൽകുകയാണ്. മൾട്ടിചാനൽ മാർക്കറ്റിംഗ് സമീപനത്തിലൂടെ, ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകാനും അവരിൽ അവബോധവും സ്വീകാര്യതയും സൃഷ്ടിക്കാനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഒരു ബ്രാൻഡ് എന്ന നിലയിൽ, ട്രെൻഡുകൾക്ക് മുന്നിൽ നിൽക്കുന്നതിനും മാറ്റങ്ങളുമായി പൊരുത്തപ്പെടുന്നതിനും ഞങ്ങൾ മുൻഗണന നൽകുന്നു എന്ന് ഡിഷ് ടി വി ബിസിനസ് ഹെഡ് സുഗാതോ ബാനർജി പറഞ്ഞു. രാജ്യത്തുടനീളമുള്ള പ്രേക്ഷകർക്ക് വിനോദ അനുഭവം വർദ്ധിപ്പിക്കുകയും സേവനങ്ങളിൽ പുതിയ മാനദണ്ഡം സൃഷ്ടിക്കുകയും വ്യവസായത്തിൽ പരിവർത്തനാത്മകമായ മാറ്റം സൃഷ്ടിക്കുകയുമാണ് ഞങ്ങളുടെ ലക്ഷ്യം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മാതൃദിന കാമ്പയിൻ സംഘടിപ്പിച്ച് ടൈറ്റൻ വേൾഡ്

**കോഴിക്കോട്:** അമ്മയോടൊപ്പം സമയം ചെലവഴിക്കുന്നതിന്റെ സാരാംശം ഉൾക്കൊണ്ട് മാതൃദിന കാമ്പയിൻ സംഘടിപ്പിച്ചു വാച്ച് റീട്ടെയിൽ ശൃംഖലയായ ടൈറ്റൻ വേൾഡ്. മാതൃദിനത്തിൽ ഉപയോക്താക്കൾക്ക് അമ്മമാരോടൊത്ത് അവിസ്മരണീയ അനുഭവം സൃഷ്ടിക്കാനും ടൈറ്റൻ വേൾഡ് അവസരമൊരുക്കി . കോഴിക്കോട്, മാവൂർ റോഡിലുള്ള ടൈറ്റൻ വേൾഡിൽ സംഘടിപ്പിക്കുന്ന ഇൻ സ്റ്റോർ ആഘോഷങ്ങളിൽ ഉപയോക്താക്കൾക്ക് പങ്കാളികളാകാം. അമ്മയുമായുള്ള അതുല്യ ബന്ധത്തിന്റെ പ്രതീകാത്മക സ്മാരകം രൂപപ്പെടുത്താൻ ഉപയോക്താക്കൾക്ക് ഹാൻഡ് പെയിന്റിംഗിൽ ഏർപ്പെടാൻ അവസരം നൽകി .നമ്മുടെ ജീവിതം രൂപപ്പെടുത്തിയെടുക്കാൻ സ്വയം സമർപ്പിച്ച അമ്മയോടൊപ്പം സമയം ചെലവഴിക്കുന്നതിലേക്ക് വെളിച്ചം വീശാനാണ് ടൈറ്റൻ വേൾഡ് ഈ കാമ്പയിനിൽ ശ്രമിച്ചതെന്ന് ടൈറ്റൻ വാച്ചസ് വൈസ് പ്രസിഡന്റും ചീഫ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഓഫീസറുമായ രാഹുൽ ശുക്ല പറഞ്ഞു.




# പ്രഥമ ഹോസ്പിറ്റൽ ക്രിക്കറ്റ് ലീഗ്: ലേക് ഷോറിന് കിരീടം

**കൊച്ചി:** ലേക് ഷോർ ഹോസ്പിറ്റൽ തൃപ്പൂണിത്തുറ പൂജ ക്രിക്കറ്റ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച ഹോസ്പിറ്റൽ പ്രീമിയർ ക്രിക്കറ്റ് ലീഗിൽ ലേക് ഷോർ ടീം ചാംപ്യൻമാർ. ഫൈനൽ മത്സരത്തിൽ ആസ്റ്റർ മെഡ്സിറ്റി ഹോസ്പിറ്റലിനെ തോൽപിച്ചാണ് പ്രഥമ ഹോസ്പിറ്റൽ ക്രിക്കറ്റ് ടൂർണമെന്റിൽ ലേക്ഷോർ ജേതാക്കൾ ആകുന്നത്.മഴമൂലം ആറ് ഓവർ ആകി ചുരുക്കിയ കളിയിൽ, ആദ്യം ബാറ്റിംഗ് ചെയ്ത ആസ്റ്റർ ആറ് വിക്കറ്റ് നഷ്ടത്തിൽ 65 റൺസ് എടുത്തു. മറുപടി ബാറ്റിംഗ് ഇറങ്ങിയ ലേക് ഷോർ 4.2 ഓവറിൽ ലക്ഷ്യം കണ്ടു. അഞ്ചു വിക്കറ്റ് നേടി ലേക് ഷോറിന്റെ ഷാക്കിർ മാൻ ഓഫ് ദി മാച്ച് ആയി തിരഞ്ഞെടുക്കപ്പെട്ടു. വിവിധ ആശുപത്രികളുടെ 16 ടീം ആണ് ടൂർണമെന്റിൽ പങ്കെടുത്തത്.സെമി ഫൈനൽ മത്സരത്തിൽ ലേക് ഷോറിന്റെ ഓപ്പണിംഗ് കൂട്ടുകെട്ടായ ക്യാപ്റ്റൻ ജിപ്സന്റെയും (45) അമീറിന്റെയും (23) പിൻബലത്തിൽ എറണാകുളം മെഡിക്കൽ സെന്റർ 6 ഓവറിൽ തീർത്ത 70 റൺസ് വിജയലക്ഷ്യം 4.3 ഓവറിൽ ലക്ഷ്യം കണ്ടാണ് ഫൈനൽ എത്തിയത്. കോതമംഗലം അൽ അസർ ടീമിനെ 15 റണ്ണിൽ വരിഞ്ഞു മുറുക്കിയണ് ആസ്റ്റർ മെഡ്സിറ്റി ഫൈനൽ എത്തിയത്.

# തൊഴിൽ വൈദഗ്ധ്യമുള്ളവരെ തേടി ജർമ്മനി;കേരളത്തിലെ ഗോഥെസെൻട്രം കേന്ദ്രങ്ങളിൽ സൗജന്യ സെഷനുകൾ

കൊച്ചി: ന്യൂഡൽഹിയിലെ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട് /മാക്സ്മുള്ളർ ഭവനും തലസ്ഥാനത്തെ ഗോഥെസെൻട്രവും ജർമ്മനിയിലേയ്ക്ക് തൊഴിൽ നൈപുണ്യമുള്ളവരുടെ നിയമാനുസൃത കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി ഇൻഫർമേഷൻ സെഷൻ സംഘടിപ്പിക്കുന്നു.ജർമ്മനിയിലെ താമസവും ജോലിയും സംബന്ധിച്ചുള്ള സെഷനുകൾ ജർമ്മനിയുടെ വിദ്യാഭ്യാസ ഗവേഷണ മന്ത്രാലയത്തിന് കീഴിലുള്ള പ്രോറെക്കഗ്നീഷനുമായി സഹകരിച്ചാണ് നടത്തുന്നത്. കൊച്ചിയിലെ ഗോഥെസെൻട്രത്തിൽ മെയ് 16 നും തിരുവനന്തപുരത്തെ ഗോഥെസെൻട്രത്തിൽ മെയ് 17 നും വൈകുന്നേരം 3.30 മുതൽ നടക്കുംതിരുവനന്തപുരത്തും കൊച്ചിയിലുമായി 150 സീറ്റുകൾ വീതമാണുള്ളത്. പ്രവേശനം സൗജന്യമാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് ആദ്യം എന്ന അടിസ്ഥാനത്തിലാണ് പ്രവേശനം. താത്പര്യമുള്ളവർക്ക് events@goethezetnrum.org എന്ന മെയിൽ ഐഡിയിൽ പേര് രജിസ്റ്റർ ചെയ്യാം.സംസ്ഥാനത്ത് നടപ്പാക്കുന്ന പരിപാടികളിൽ ആദ്യത്തേതാണ് ഇതെന്ന് ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനിയുടെ കേരളത്തിലെ ഓണററി കോൺസലും ഗോഥെസെൻട്രം തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലെ ഡയറക്ടറുമായ ഡോ. സയ്യിദ് ഇബ്രാഹിം പറഞ്ഞു.

ഇന്ത്യയിൽ നിന്നുള്ള വിദഗ്ധരായ തൊഴിൽ അന്വേഷകർക്ക് ജർമ്മൻ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിന് എല്ലാ സഹായങ്ങളും വിവരങ്ങളും പിന്തുണയും ഈ പദ്ധതി നൽകും. കുടുംബത്തെ റീലൊക്കേറ്റ് ചെയ്യുന്നത് സംബന്ധിച്ചും സ്കൂൾ സംവിധാനങ്ങൾ, പരിശീലനം, വിനോദം എന്നിങ്ങനെ എല്ലാ വിഷയങ്ങളെ പറ്റിയും വിദഗ്ധരുമായി സംസാരിക്കുന്നതിനും സംശയനിവാരണം വരുത്തുന്നതിനും സെഷനുകളിൽ പങ്കെടുക്കുന്നവർക്ക് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.ജർമ്മനിയിൽ തൊഴിൽ വിജയം കൈവരിക്കുന്നതിനുള്ള ഘടകങ്ങളെക്കുറിച്ചും ആവശ്യമായ രേഖകൾ, അംഗീകാരം ലഭിക്കുന്നതിനുള്ള ഘട്ടങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങളും പ്രൊറെക്കഗ്നീഷനിൽ നിന്നുള്ള വിദഗ്ധർ വിവരിക്കും.ചോദ്യങ്ങൾക്ക് ഉത്തരവും വ്യക്തിഗത ഉപദേശങ്ങളും നൽകും. ?ഹാൻഡ് ഇൻ ഹാൻഡ് ഫോർ ഇൻറർനാഷണൽ ടാലൻറ്സ്' പദ്ധതിയിൽ ചേരുന്നതിനുള്ള വിശദവിവരങ്ങളും ചർച്ച ചെയ്യും.ലോകമെമ്പാടുമുള്ള ജർമ്മൻ ഭാഷയെയും സാംസ്കാരിക വിനിമയത്തെയും പ്രോത്സാഹിപ്പിക്കുന്ന ജർമ്മനിയുടെ സാംസ്കാരിക സ്ഥാപനമായ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ടിൻറെ സേവനങ്ങൾ ജീവിതവിജയം കൈവരിക്കുന്നതിന് ഉദ്യോഗാർത്ഥികളെ സജ്ജരാക്കുന്നതിന് പര്യാപ്തമാണ്.

പരീക്ഷാ പരിശീലനം, വ്യക്തിഗത സംവാദം, ഭാഷാ പഠനത്തിനുള്ള മാർഗനിർദേശം എന്നിവ ഇതിൽ ഉൾപ്പെടുന്നു.മറ്റ് ജർമ്മൻ പങ്കാളികളുമായുള്ള ഇൻഫർമേഷൻ സെഷനുകളും പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിസ സംബന്ധിച്ച വിവരങ്ങൾ, ബ്ലൂ കാർഡ് യോഗ്യത, പ്രൊഫഷണൽ യോഗ്യതകളുടെ അംഗീകാരം, ഇമിഗ്രേഷൻ നിയമങ്ങളിലെ മാറ്റങ്ങൾ എന്നിവ ഈ സെഷനുകളിൽ ചർച്ച ചെയ്യും.യൂറോപ്യൻ യൂണിയന് പുറത്തുള്ള കുടിയേറ്റക്കാർക്ക് മികച്ച ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് എളുപ്പത്തിൽ കുടിയേറ്റം സാധ്യമാക്കുന്ന ഒരു നിയമം ജർമ്മനി കഴിഞ്ഞ വർഷം പാസാക്കിയിരുന്നു.ഗോഥെ ഇൻസ്റ്റിറ്റ്യൂട്ടിൻറെ ആഗോള ശൃംഖലയുടെ ഭാഗമായ സെൻട്രം 15 വർഷത്തിലധികമായി കേരളത്തിൽ പ്രവർത്തിക്കുന്നു. ജർമ്മനിയിലേയ്ക്ക് കുടിയേറുന്ന നൂറുകണക്കിന് ആളുകൾക്ക് ഭാഷാ, പരീക്ഷാ പരിശീലനം, ഒപ്പുകളുടെയും രേഖകളുടെ പകർപ്പുകളുടെയും സാക്ഷ്യപ്പെടുത്തൽ തുടങ്ങി ഒട്ടേറെ ആവശ്യമായ സഹായങ്ങൾ നൽകി വരുന്നു.




# ഐഐഎം സമ്പൽപൂരും എൻഎസ്ഇ അക്കാദമിയും ചർച്ച സംഘടിപ്പിച്ചു

**കൊച്ചി:** സാങ്കേതികവിദ്യാ മുന്നേറ്റത്തിനു സഹായകമായ ഭാവിയിലേക്കുള്ള ഫിൻടെക്ക് രംഗത്തെ നേതാക്കളെ കുറിച്ച് ഐഐഎം സമ്പൽപൂരും എൻഎസ്ഇ അക്കാദമിയും ചേർന്ന് മുംബൈയിൽ ചർച്ച സംഘടിപ്പിച്ചു. ബാങ്കിങ്, സാമ്പത്തിക സേവന മേഖലയിൽ നിന്നും വിദ്യാഭ്യാസ മേഖലയിൽ നിന്നും സാമ്പത്തിക മേഖലയ്ക്കായുള്ള സാങ്കേതികവിദ്യ പ്രദാനം ചെയ്യുന്ന മേഖലയിൽ നിന്നുമായി അൻപതോളം പേരാണ് പരിപാടിയിൽ സംബന്ധിച്ചത്. സാങ്കേതികവിദ്യാ രംഗത്തെ പുതമകൾ, നിയന്ത്രണ രംഗത്തെ മാറ്റങ്ങൾ തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ പുതുമകൾ അവതരിപ്പിച്ചു മുന്നോട്ടു പോകാൻ ഫിൻടെക് നേതൃത്വ നിരയിലുള്ളവർക്കു വഹിക്കാനാവുന്ന പങ്കാണ് ഇവിടെ പ്രധാനമായും ചർച്ച നടത്തിയത്. ബാങ്കിങ് രംഗത്തെ നിയോ ബാങ്കിങ്, ഓപ്പൺ ബാങ്കിങ്, അക്കൗണ്ട് അഗ്രഗേറ്റർമാർ തുടങ്ങിയവയെ കുറിച്ചുള്ള വിശദമായ ചർച്ചകൾ ഇവിടെ നടന്നു. ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ ഫിൻടെക്ക് ഹബ്ബാണ് ഇന്ത്യ എന്നത് ഈ ചർച്ചയുടെ പ്രാധാന്യം വർധിപ്പിക്കുന്നു. 2030ഓടെ 400 ബില്യൺ ബിസിനസ് ഈ രംഗത്തുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഈ രംഗത്തെ ആവശ്യങ്ങൾ കണക്കിലെടുത്ത് ഐഐഎം സമ്പൽപൂർ എൻഎസ്ഇ അക്കാദമിയുമായി സഹകരിച്ച് ഫിൻടെക്ക് മാനേജുമെൻറിൽ എംബിഎ ആരംഭിച്ചിട്ടുണ്ട്. ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കായുള്ള ഇതിന് മെയ് 24 വരെ അപേക്ഷിക്കാം. +91 8655647391 എന്ന നമ്പറിൽ ഇതിൻറെ വിശദവിവരങ്ങൾ ലഭിക്കും.




# ബിർള ഓപ്പസ് പെയിന്റ് അവതരിപ്പിച്ചു

**മുംബൈ:** ആദിത്യ ബിർള ഗ്രൂപ്പ് 2024 ഫെബ്രുവരിയിൽ 'ബിർള ഓപസ്' അവതരിപ്പിച്ചുകൊണ്ട് പെയിൻറ് വ്യവസായത്തിലേക്ക് സുപ്രധാനമായ ചുവടുവെപ്പ് നടത്തി. ബിർള ഓപസുമൊത്ത്, 10,000 കോടി രൂപയുടെ അഭൂതപൂർവ്വമായ തോതിലുള്ള മുൻകൂർ നിക്ഷേപത്തോടെ ആദിത്യ ബിർള ഗ്രൂപ്പ് അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന 80,000 കോടി രൂപ വിറ്റുവരവുള്ള ഇന്ത്യൻ അലങ്കാര പെയിൻറ് വിപണിയിലേക്ക് പ്രവേശിച്ചു. 2024 മെയ് 15 മുതൽ, ബിർള ഓപസിൻറെ ഉൽപ്പന്ന ശ്രേണി ഇപ്പോൾ അതിൻറെ കരുത്തുറ്റ ഡീലർ നെറ്റ്വർക്കിലൂടെ രാജ്യവ്യാപകമായി ലഭ്യമാണ്.

# മാതൃദിനാഘോഷ ക്യാമ്പയിൻ സംഘടിപ്പിച്ചു

**കൊച്ചി:** മാതൃദിനാഘോഷത്തിന്റെ ഭാഗമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ ക്യാമ്പയിൻ സംഘടിപ്പിച്ചു. മാതൃദിനത്തിൽ അമ്മമാരുടെ ആരോഗ്യത്തിനും ക്ഷേമത്തിനും മുൻഗണന നൽകി, അവരുടെ നിസ്വാർഥ പ്രയത്നങ്ങളെ അംഗീകരിക്കേണ്ടത് പ്രധാനമാണെന്ന അഭ്യർഥനയാണ് ക്യാമ്പയിൻ മുന്നോട്ടുവച്ചത്. ബദാം മാതൃദിനത്തിൽ അമ്മമാർക്ക് നൽകാനുള്ള ഒരു അനുയോജ്യമായ സമ്മാന തിരഞ്ഞെടുപ്പായി മാറുന്നതെങ്ങനെയെന്നും ക്യാമ്പയിനിലൂടെ ഊന്നിപ്പറഞ്ഞു.

പ്രോട്ടീൻ, സിങ്ക്, മഗ്നീഷ്യം, ഇരുമ്പ്, കാത്സ്യം തുടങ്ങിയ പോഷകങ്ങൾ അടങ്ങിയിട്ടുള്ള ബദാം കഴിക്കുന്നതിലൂടെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നന്നായി നിയന്ത്രിക്കൽ, ഹൃദയാരോഗ്യം പ്രോത്സാഹിപ്പിക്കൽ, ചർമത്തിന്റെ ആരോഗ്യം, ശരീരഭാരം നിയന്ത്രിക്കൽ എന്നിവയുൾപ്പെടെ നിരവധി ആരോഗ്യ ആനുകൂല്യങ്ങൾ ലഭിക്കുമെന്നും ക്യാമ്പയിനിൽ പങ്കെടുത്ത പ്രമുഖർ ചൂണ്ടിക്കാട്ടി.

നടി സോഹ അലി ഖാൻ, സെലിബ്രിറ്റി ഇൻസ്ട്രക്ടർ യാസ്മിൻ കറാച്ചിവാല, റിതിക സമദ്ദർ, വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി, ഡോ ഗീതിക മിത്തൽ ഗുപ്ത, നടിമാരായ പ്രണിത സുഭാഷ്, വാണി ഭോജൻ തുടങ്ങിയവർ ക്യാമ്പയിനിന്റെ ഭാഗമായി ബദാം ഉപയോഗത്തിന്റെ പ്രാധാന്യത്തെ കുറിച്ച് വിവരിച്ചു.

# ഡിബിഎസ് ഫൗണ്ടേഷൻ ബിസിനസ് ഫോർ ഇംപാക്ട് അവാർഡ് ഗ്രീൻവേംസിന്

**കോഴിക്കോട്:** ഡിബിഎസ് ഫൗണ്ടേഷൻറെ ബിസിനസ് ഫോർ ഇംപാക്ട് അവാർഡ് കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന സർക്കുലർ എക്കണോമി എൻറർപ്രൈസ് ആയ ഗ്രീൻവേംസിന്. ഡിബിഎസ് ഫൗണ്ടേഷൻറെ സുപ്രധാന സംരംഭമായ ഡിബിഎസ് ഫൗണ്ടേഷൻ ഗ്രാൻറ് അവാർഡിൻറെ പുതിയ പതിപ്പിൽ 24 ബിസിനസ് സ്ഥാപനങ്ങൾക്കാണ് അവാർഡ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ 5 സ്ഥാപനങ്ങൾ ഇന്ത്യയിൽ നിന്നുള്ളതാണ്. അവാർഡ് ജേതാക്കൾക്ക് ഫണ്ടിംഗും പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള അവസരങ്ങളും ഈ അവാർഡിലൂടെ ലഭിക്കും. സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഒരുക്കിക്കൊടുക്കുന്ന സ്ഥാപനമാണ് കോഴിക്കോട് കേന്ദ്രമായി ഗ്രീൻവേംസ്.സാമ്പത്തികവും പാരിസ്ഥിതികവും സാമൂഹികവുമായ ഗുണഫലങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ മുന്നോട്ട് വെക്കുന്നത് എല്ലാവരെയും ഉൾക്കൊള്ളുന്നതും കുറഞ്ഞ കാർബൺ ബഹിർഗമനം ഉള്ളതുമായ നൂതനമായ സംരംഭങ്ങളാണ്. സാമൂഹിക ജീവിതത്തെയും ജീവനോപാധികളെയും കൂട്ടായ്മയിലൂടെ ഉയർത്തിക്കൊണ്ടുവരികയാണ് ബിസിനസ് ഫോർ ഇംപാക്ട് പുരസ്കാരം നേടിയ സ്ഥാപനങ്ങളുടെ ലക്ഷ്യം.ഡിബിഎസ് ഫൗണ്ടേഷൻ ഗ്രാൻറിനായി ഏഷ്യൻ രാജ്യങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 24 ഫൈനലിസ്റ്റുകളിൽ 5 കമ്പനികളാണ് ഇന്ത്യയിൽ നിന്നുള്ളത്. 2000 ഗ്രാൻറ് അപേക്ഷകളാണ് ഇത്തവണ ലഭിച്ചത്. ഇത് ഡിബിഎസ് അവാർഡിൻറെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന സംഖ്യയാണ്. സ്ഥാപനത്തിന് സാമൂഹികമായും പാരിസ്ഥിതികമായും സൃഷ്ടിക്കാൻ സാധിക്കുന്ന മാറ്റങ്ങളും സ്ഥാപനത്തിൻറെ സുസ്ഥിരതയും വളർച്ചാ സാധ്യതയുമാണ് പുരസ്കാര നിർണയത്തിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയത്. 3.7 ദശലക്ഷം സിംഗപ്പൂർ ഡോളറാണ് ആകെ ഗ്രാൻറ് തുക. ഡിബിഎസ് ഫൗണ്ടേഷൻ പ്രവർത്തനമാരംഭിച്ചിട്ട് 2024ൽ പത്താം വർഷത്തിലേക്ക് കടക്കുകയാണ്.

# ചാലക്കുടി എസ്എച്ച് കോളജിന് ഓട്ടോണമസ് പദവി

**ചാലക്കുടി:** സേക്രഡ് ഹാർട്ട് കോളജിനു യുജിസിയുടെ ഓട്ടോണമസ് പദവി ലഭിച്ചു. മികച്ച നാക് അക്രഡിറ്റേഷൻ ലഭിക്കുന്ന കോളജുകൾക്കാണ് ഓട്ടോണമസ് പദവി ലഭിക്കുന്നത്.



വരുന്ന അധ്യയനവർഷംമുതൽ കോളജിനു സ്വന്തമായി പ്രവേശനം നടത്തുവാനും വേഗത്തിൽ ക്ലാസുകൾ ആരംഭിക്കാനും സാധിക്കുന്നതോടൊപ്പം പരീക്ഷാഫലം ഉടനടി പ്രസിദ്ധീകരിക്കാനും കഴിയും. ഇതു വിദ്യാർഥിനികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനും, വേഗത്തിൽ ജോലിയിൽ പ്രവേശിക്കുവാനും അവസരം ഒരുക്കും. 1980ൽ ചാലക്കുടിയിൽ ഒരു വനിതാ കോളജായി പ്രവർത്തനം ആരംഭിക്കുകയും, ചാലക്കുടിയുടെ വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക മേഖലകളിൽ വലിയ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്ന കലാലയമാണ് എസ്എച്ച് കോളജ്. പ്രീഡിഗ്രി കലാലയമായി ആരംഭിച്ച്, തുടർന്ന് പുരോഗതിയുടെ പാതയിലൂടെ മുന്നേറി ഇന്ന് ബിരുദാനന്തര ബിരുദങ്ങളും ഗവേഷണ വിഭാഗവുമൊക്കെ അടങ്ങുന്ന കരുത്ത് കോളജ് കൈവരിച്ചിട്ടുണ്ട്. സ്ത്രീശക്തീകരണത്തിനു വലിയ പ്രാധാന്യം നൽകുന്ന കലാലയംകൂടിയാണിത്.വിവിധ വിഷയങ്ങളിൽ ഒന്നാംറാങ്കടക്കം നിരവധി റാങ്കുകളും എസ്എച്ചിനെ തേടിയെത്തി. ടിസിഎസ്, ഐസിഐസിഐ തുടങ്ങിയ ഇന്ത്യയിലെ പ്രമുഖ ഐടി, ബാങ്ക് സ്ഥാപനങ്ങളിൽ നിരവധി കുട്ടികൾക്കു പഠനത്തോടുകൂടി ജോലിയും ലഭിക്കുന്നുണ്ട്.പുതിയ വിദ്യാഭ്യാസനയത്തിൻറെ ഭാഗമായി ആരംഭിക്കുന്ന നാലുവർഷ ബിരുദ കോഴ്സുകൾ, മികച്ച ജോലിസാധ്യതയുള്ള വൈവിധ്യമാർന്ന കോഴ്സുകൾ തുടങ്ങാൻ സഹായകരമാകുമെന്നും, വിദ്യാർഥിനികളുടെ നൈപുണ്യവികസനത്തിന് ഉതകുന്നതെല്ലാം ചെയ്യുമെന്നും പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ഐറിൻ അറിയിച്ചു.



# ജന്തുജന്യ രോഗ പ്രതിരോധം, ജെറിയാട്രിക് കെയർ: കേരളവുമായി സഹകരിക്കാൻ താത്പര്യം



**തിരുവനന്തപുരം:** ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ന്യൂഡൽഹി യു.എസ്. എംബസിയിലെ പൊളിറ്റിക്കൽ അഫയേഴ്സ് മിനിസ്റ്റർ കൗൺസിലർ ഗ്രഹാം മേയറുമായി സെക്രട്ടറിയേറ്റിൽ ചർച്ച നടത്തി. ജന്തുജന്യ രോഗ പ്രതിരോധത്തിലും ജെറിയാട്രിക് കെയറിലും കേരളവുമായി സഹകരിക്കാൻ തയ്യാറാണെന്ന് ഗ്രഹാം മേയർ പറഞ്ഞു. ഇതു സംബന്ധിച്ച് കൂടുതൽ ചർച്ച നടത്തി തീരുമാനമെടുക്കുന്നതാണ്. കേരളത്തിന്റെ ആരോഗ്യ മേഖല കൈവരിച്ച നേട്ടങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. പൊതുജനാരോഗ്യ രംഗത്തും പകർച്ചവ്യാധി പ്രതിരോധത്തിലും കേരളം നടത്തുന്ന പ്രവർത്തനങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു.

ചിട്ടയായ പ്രവർത്തനങ്ങളാണ് ആരോഗ്യ മേഖലയിൽ നടന്നു വരുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളിൽ വലിയ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. സ്ത്രീകളുടെ ആരോഗ്യത്തിന് പ്രത്യേക പദ്ധതിയാവിഷ്ക്കരിച്ചു. രാജ്യത്ത് മാതൃ, ശിശു മരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. വയോജനങ്ങളുടെ പരിപാലത്തിനും ചികിത്സയ്ക്കും മുൻഗണന നൽകുന്നു. പാലിയേറ്റീവ് പരിചരണ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധത്തിനായി ആർദ്രം ജീവിതശൈലീ രോഗനിർണയ കാമ്പയിനിലൂടെ പരിശോധനയും ചികിത്സയും ഉറപ്പാക്കി. രോഗ പ്രതിരോധത്തിന് പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാനത്ത് 1000 യോഗ ക്ലബ്ബുകൾ ആരംഭിച്ചു.

കോവിഡ് പ്രതിരോധത്തിൽ കേരളം മാതൃകയായി. ഒരുകാലത്തും ഐസിയു, വെന്റിലേറ്ററുകൾക്ക് ക്ഷാമം നേരിട്ടില്ല. കോവിഡിന് ശേഷമുള്ള പോസ്റ്റ് കോവിഡ് ആരോഗ്യ പ്രശ്നങ്ങളും ഫലപ്രദമായി നേരിട്ടു. ജന്തുജന്യ രോഗങ്ങളുൾപ്പെടെയുള്ള പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനായി രാജ്യത്ത് ആദ്യമായി വൺ ഹെൽത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ആരോഗ്യ രംഗത്തെ പുതിയ വെല്ലുവിളികൾ നേരിടാനുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് വരുന്നതായും മന്ത്രി വ്യക്തമാക്കി.

# ഡസ്സോൾട്ട് സിസ്റ്റംസിൻെറ 3ഡിഎക്സ്പീരിയൻസ് പ്ലാറ്റ്ഫോം

**കൊച്ചി:** ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ സൊല്യൂഷൻ രംഗത്തെ മുൻനിര സേവനദാതാക്കളായ ശുഭം ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡിൻറെ ഉത്പന്ന വികസന ശൃംഖലയുടെ വേഗത വർദ്ധിപ്പിക്കാനായി ഡസ്സോൾട്ട് സിസ്റ്റംസിൻറെ 3ഡിഎക്സ്പീരിയൻസ് പ്ലാറ്റ്ഫോം തിരഞ്ഞെടുത്തു.

ഫാർമസ്യൂട്ടിക്കൽ, പാക്കേജിംഗ്, ടെക്സ്റ്റൈൽസ്, ഓട്ടോമൊബൈൽസ്, കെമിക്കൽസ്, ഫെർട്ടിലൈസേഴ്സ് തുടങ്ങി വൈവിധ്യമാർന്ന വ്യാവസായിക മേഖലകൾക്ക് വേണ്ട ഓട്ടോമേഷൻ സൊല്യൂഷൻസ് നൽകുന്നതിലൂടെ രാജ്യത്തെ വ്യാവസായിക അന്തരീക്ഷത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ശുഭം ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ് കൊണ്ടുവന്നിരിക്കുന്നത്.

സോളിഡ്വർക്ക്സ് ഉപഭോക്താക്കൾക്കും ചെറുകിട മധ്യനിര കമ്പനികൾക്കും വേണ്ടി തയ്യാറാക്കിയിട്ടുള്ള ആപ്ലിക്കേഷൻ ശേഖരമാണ് ഡസ്സോൾട്ട് സിസ്റ്റംസിൻറെ 3ഡിഎക്സ്പീരിയൻസ് വർക്ക്സ്. ശുഭം ഓട്ടോമേഷൻ ഉത്പന്ന വികസന മേഖലയിൽ നേരിടുന്ന നിരവധി വെല്ലുവിളികൾക്കുള്ള പരിഹാരമാണ് 3ഡിഎക്സ്പീരിയൻസ് വർക്ക്സ് ഉപയോഗിക്കാൻ തുടങ്ങിയതിലൂടെ സാധ്യമാക്കിയത്.

# എസ്ബിഐ ലൈഫിന്റെ മമ്മി കി അപ്നി പെഹ്ചാൻ

**കൊച്ചി:** മാതൃത്വത്തിന്റെ അസാധാരണ ശക്തിയോടുള്ള ആദരവുമായി എസ്ബിഐ ലൈഫിന്റെ ഡിജിറ്റൽ ഫിലിം 'മമ്മി കി അപ്നി പെഹ്ചാൻ'. മാതൃദിനാഘോഷത്തിന്റെ ഭാഗമായി പുറത്തിറക്കിയിരിക്കുന്ന ഫിലിമിൽ അമ്മമാരുടെ അമൂല്യമായ സംഭാവനകളെയാണ് ഉയർത്തിക്കാണിക്കുന്നത്. എസ്ബിഐ ലൈഫ് ഇൻഷുറൻസ് ഏജന്റായ ലൈഫ് മിത്രയുമായി അമ്മമാരെ താദാത്മ്യപ്പെടുത്തിക്കൊണ്ട് സാമ്പത്തിക ഉപദേശകർ എന്നനിലയിൽ ഉപയോക്താകളുടെ കുടുംബത്തിനെ തങ്ങളുടെ പ്രിയപ്പെട്ടവരെ എന്ന പോലെ അവർ പരിപാലിക്കുന്നത് എങ്ങനെയാണ് എന്നു വിശദീകരിക്കുകയാണ് വീഡിയോ ഫിലിം. ഭാവിയിൽ അമ്മയുടെ സ്ഥാനത്തേക്ക് എത്താൻ പോകുന്ന മകൾക്ക് ഒരു ലൈഫ് മിത്ര എങ്ങനെയാണ് പ്രചോദനമാകുന്നത് എന്നാണ് സിനിമ വിശദീകരിക്കുന്നത്.



# എളംകുളം ഫാത്തിമ മാതാ പള്ളിയിൽ ഫാത്തിമ മാതാവിന്റെ തിരുസുരൂപം പ്രതിഷ്ഠിച്ചു

**കൊച്ചി:** എളംകുളം ഫാത്തിമ മാതാ പള്ളിയിൽ പോർച്ചുഗലിൽ നിന്ന് കൊണ്ടുവന്ന ഫാത്തിമ മാതാവിന്റെ തിരുസുരൂപം പ്രതിഷ്ഠിച്ചു. കൊച്ചി. 1949 ൽ എളങ്കുളത്ത് സ്ഥാപിതമായ ഫാത്തിമ പള്ളിയുടെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി, പോർച്ചുഗലിൽ നിന്ന് കൊണ്ടുവന്ന ഫാത്തിമ മാതാവിന്റെ തിരുസ്വരൂപം എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ വികാരി ഫാ. പീറ്റർ കൊച്ചുവീട്ടിൽ കൈമാറി. തിരുസരൂപം വഹിച്ചുകൊണ്ട് ഇരുചക്ര വാഹനങ്ങളുടെ അകമ്പടിയോടെ നടത്തിയ തിരുസ്വരൂപ പ്രയാണത്തെ എളംകുളം പള്ളിയിൽ വികാരി ഫാ. മാർട്ടിൻ തൈപ്പറമ്പിൽ സ്വീകരിച്ചു. ഫാത്തിമ മാതാവിന്റെ തിരുസുരൂപം അൾത്താരയിൽ പ്രതിഷ്ഠിച്ചു. തുടർന്ന് ദിവ്യബലിക്ക് ഫാ. ജോസഫ് പള്ളിപ്പുറമ്പിൽ മുഖ്യ കാർമികത്വം വഹിച്ചു വികാരി ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, ഫാ. ജോമിൻ തുണ്ടത്തിൽ എന്നിവർ സഹ കാർമികരായിരുന്നു. പീറ്റർ ഡാമിയൻ, ജസ്റ്റിൻ കോച്ചേരി, സേവ്യർ ചക്കനാട്ട്, റോയി പണ്ടാരത്തുണ്ടിയിൽ, ശ്രീമതി.ഷൈനി ജോണി കീത്തറ, പ്രദീപ് വടശ്ശേരി, ബോബൻ പൊന്നും തുരുത്തി, ശ്രീമതി ജോസഫീന ക്ലീറ്റസ്, മാർട്ടിൻ ചക്കനാട്ട്, റീനി ക്ലീറ്റസ്, മേരി ജസ്റ്റിൻ, ജോൺസി തുടങ്ങിയവർ തിരുസ്വരപ്രയാണത്തിന് നേതൃത്വം നൽകി.

# ഗ്രീൻസെൽ മൊബിലിറ്റിക്ക് സുമിറ്റോമോ മിറ്റ്സുയി ബാങ്കിംഗ് കോർപ്പറേഷനിൽ നിന്ന് 3 ബില്യൺ രൂപയുടെ ഗ്രീൻ ഫിനാൻസിങ്

**മുംബൈ:** ഇലക്ട്രിക് മൊബിലിറ്റി രംഗത്തെ മുൻനിരക്കാരായ ഗ്രീൻസെൽ മൊബിലിറ്റി തങ്ങളുടെ ഇബസ് പ്രോജക്റ്റിനായി പ്രമുഖ ജാപ്പനീസ് ധനകാര്യ സ്ഥാപനമായ സുമിറ്റോമോ മിറ്റ്സുയി ബാങ്കിംഗ് കോർപ്പറേഷനിൽ (എസ്എംബിസി) നിന്നും 3 ബില്യൺ രൂപയുടെ ഗ്രീൻ ഫിനാൻസ് നേടി. ഈ ഇടപാട് ഇന്ത്യയിലെ ഇലക്ട്രിക് മൊബിലിറ്റി രംഗത്ത് ഒരു ജാപ്പനീസ് ബാങ്കിന്റെ ആദ്യ പ്രോജക്റ്റ് ഫിനാൻസ് ആണ്.




350 ഇലക്ട്രിക് ബസുകളുടെ ഈ പദ്ധതി ഇന്ത്യയിലെ കുറഞ്ഞ കാർബൺ ഗതാഗതത്തിലും സാമ്പത്തിക നവീകരണത്തിലും ഒരു സുപ്രധാന ചുവടുവെപ്പാണ്. ഉത്തർപ്രദേശിലെ 8 നഗരങ്ങളിലായിരിക്കും ബസുകൾ വിന്യസിക്കുക. പദ്ധതിയിലൂടെ ഏകദേശം 2.35 ലക്ഷം ടൺ കാർബൺ പുറന്തള്ളൽ കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രീൻസെൽ മൊബിലിറ്റിയുടെ എംഡിയും സിഇഒയുമായ ദേവേന്ദ്ര ചൗള പറഞ്ഞു, 'സുമിറ്റോമോ മിറ്റ്സുയി ബാങ്കിംഗ് കോർപ്പറേഷനുമായുള്ള ഞങ്ങളുടെ ചരിത്രപരമായ പങ്കാളിത്തം ഗ്രീൻസെൽ മൊബിലിറ്റിയുടെ സുസ്ഥിരമായ മൊബിലിറ്റിയുടെ അചഞ്ചലമായ സമർപ്പണത്തെ പ്രകടമാക്കുന്നു. ഇന്ത്യയുടെ ഭൂപ്രദേശത്തെ വൈദ്യുത ഗതാഗതം മാറ്റുന്നതിനുള്ള ഞങ്ങളുടെ ശ്രമങ്ങൾ വേഗത്തിലാക്കുന്നതിനുള്ള സുപ്രധാന നാഴികക്കല്ലാണ് ഗ്രീൻ ഫിനാൻസിങ്.'ഇടപാടിനെക്കുറിച്ച് അഭിപ്രായപ്പെട്ട്, എസ്എംബിസി ഇന്ത്യയുടെ കൺട്രി ഹെഡ് ഹിരോയുകി മെസാകി പറഞ്ഞു, 'ഈ ഇടപാട് സുസ്ഥിരമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഞങ്ങളുടെ സമർപ്പണത്തെ സാക്ഷ്യപ്പെടുത്തുന്നു. ഞങ്ങളുടെ സാമ്പത്തിക വൈദഗ്ധ്യവും ആഗോള ശൃംഖലയും പ്രയോജനപ്പെടുത്തുന്നതിലൂടെ, കൂടുതൽ സുസ്ഥിരമായ ഭാവിക്ക് വഴിയൊരുക്കുന്ന ശുദ്ധമായ ഗതാഗത പരിഹാരങ്ങളിലേക്കുള്ള പരിവർത്തനത്തെ സഹായിക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നു.'

# ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഓൺലൈൻ കോഴ്സുകൾ; ഉദ്ഘാടനം മെയ് 15ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഓൺലൈൻ കോഴ്സുകളുടെ ഉദ്ഘാടനം മെയ് 15ന് നടക്കുമെന്ന് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അറിയിച്ചു. എസ്. എസ്. യു. എസ്. സെന്റർ ഫോർ ഓൺലൈൻ കോഴ്സുകളുടെ ഉദ്ഘാടനം യു. ജി. സിയുടെ കൺസോർഷ്യം ഓഫ് എഡ്യൂക്കേഷണൽ കമ്മ്യൂണിക്കേഷൻ വിഭാഗം ഡയറക്ടർ പ്രൊഫ. ജഗത് ഭൂഷൻ നദ്ദ നിർവ്വഹിക്കും. രാവിലെ 10.30ന് സർവ്വകലാശാലയുടെ മീഡിയ സെന്ററിൽ ചേരുന്ന സമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അധ്യക്ഷയായിരിക്കും. സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. പി. വി. രാമൻകുട്ടി, പ്രൊഫ. സി. എം. മനോജ്കുമാർ, രജിസ്ട്രാർ പ്രൊഫ. സുനിത ഗോപാലകൃഷ്ണൻ, സർവ്വകലാശാലയുടെ ഓൺലൈൻ ലേണിംഗ് സെന്റർ ഡയറക്ടർ പ്രൊഫ. ടി. ആർ മുരളീകൃഷ്ണൻ, അസിസ്റ്റന്റ് ഡയറക്ടർ ഡോ. എം. എൻ. ബാബു എന്നിവർ പ്രസംഗിക്കും. ബേസിക് സാൻസ്ക്രിറ്റ് കോഴ്സ് ഇൻ മലയാളം, സാൻസ്ക്രിറ്റ് ഫോർ സ്പെഷ്യൽ പർപ്പസ് ആയുർവേദ എന്നിവയാണ് സർവ്വകലാശാലയിൽ ആരംഭിച്ചിരിക്കുന്ന ഓൺലൈൻ കോഴ്സുകൾ. ഈ കോഴ്സുകളിൽ ചേരുവാൻ പ്രായപരിധിയില്ല, വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അറിയിച്ചു.

# പക്ഷിപ്പനി നിയന്ത്രണ വിധേയം

**പത്തനംതിട്ട:** നിരണം സർക്കാർ താറാവു വളർത്തൽ കേന്ദ്രത്തിൽ പക്ഷിപ്പനി സ്ഥീരീകരിച്ച സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തിര യോഗം ചേർന്നു സ്ഥിതിഗതികൾ വിലയിരുത്തി.

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പോൾട്രി ഫാമിൽ സമാന രീതിയിൽ പക്ഷിപ്പനി സ്ഥിരീകരിച്ചപ്പോൾ വകുപ്പിന്റെ സമയോചിതമായി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചതിനാൽ പക്ഷിപ്പനി നിയന്ത്രിക്കാൻ സാധിച്ചു. അതേ മാതൃകയിൽ നിരണം താറാവ് വളർത്തൽ കേന്ദ്രത്തിലും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ മന്ത്രി നിർദേശിച്ചു.

പക്ഷിപ്പനി സ്ഥിരീകരിച്ച നിരണം ഫാമിലെ തൊഴിലാളികൾക്ക് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് അടിയന്തരമായി പക്ഷിപ്പനി പ്രതിരോധിക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമാക്കാൻ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകി. അതോടൊപ്പം വകുപ്പിന് കീഴിലുള്ള എല്ലാ കോഴി/താറാവ് ഫാമുകളിലും ബയോസെക്യൂരിറ്റി നടപടികൾ കർശനമായി പാലിക്കുന്നതിനും നിർദേശം നൽകി.

ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ബാധിത മേഖലയിൽ നിരീക്ഷണത്തിന്റെ ഭാഗമായി മറ്റ് മൃഗങ്ങളിൽ നിന്നും ശേഖരിച്ച സാമ്പിളുകൾ എല്ലാം നെഗറ്റീവ് ആണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

പക്ഷിപ്പനി ബാധിച്ച് നിരണം ഫാമിലെ 560 താറാവുകൾ ആണ് മരണപ്പെട്ടത്. ഫാമിൽ ബാക്കിയുള്ള 4081 താറാവുകളെയും ഫാമിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ ഉള്ള ഏകദേശം 5000 ഓളം വളർത്തു പക്ഷികളെയും നിയന്ത്രണത്തിന്റെ ഭാഗമായി കൾ ചെയ്യേണ്ടി വരുമെന്നും ആയതിനായി 15 ടീമുകളെ ഇതിനകം സജ്ജമാക്കിയതായും ഡയറക്ടർ അറിയിച്ചു.

# റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി വിലയിരുത്താൻ പ്രത്യേക പരിശോധനാ സംഘം

**തിരുവനന്തപുരം:** മഴക്കാലത്തിന് മുന്നോടിയായി റോഡുകളിലെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി പരിശോധിക്കുന്നതിന് പ്രത്യേക സംഘത്തെ നിയോഗിച്ചതായി മന്ത്രി പി എ മുഹമ്മദ് റിയാസ് അറിയിച്ചു. വകുപ്പിന് കീഴിലെ ഐ എ എസ് ഉദ്യോഗസ്ഥരും ചീഫ് എഞ്ചിനീയർമാരും അടങ്ങുന്ന സംഘം ഓരോ ജില്ലകളിലും പൊതുമരാമത്ത് റോഡുകളിൽ എത്തി പ്രവൃത്തി പുരോഗതി പരിശോധിക്കും. മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം നിലവിലുള്ള പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി

മഴക്ക് മുമ്പ് റോഡുകളിലെ കുഴികൾ അടക്കുന്നതിനും അറ്റകുറ്റപ്പണിക്കുമാണ് മുൻഗണന നൽകേണ്ടതെന്ന് മന്ത്രി യോഗത്തിൽ നിർദ്ദേശം നൽകി. പ്രീ മൺസൂൺ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണം. നിലവിൽ പ്രവൃത്തികൾ ഉള്ള റോഡുകളിൽ, ആ കരാറുകാർ തന്നെ കുഴിയടച്ച് അപകടരഹിതമായ ഗതാഗതം ഉറപ്പാക്കണം. കെ ആർ എഫ് ബി, കെ എസ് ടി പി, എന്നീ വിഭാഗങ്ങളുടെ പരിപാലനത്തിൽ ഉള്ള റോഡുകളിൽ കുഴികൾ ഇല്ലാത്ത വിധം സംരക്ഷിക്കാൻ അതാത് വിംഗുകൾ ശ്രദ്ധ ചെലുത്തണം. ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമാണെന്ന് ഉറപ്പാക്കാനും മന്ത്രി നിർദ്ദേശം നൽകി. സ്കൂൾ മേഖലകളിൽ അടക്കം സീബ്ര ലൈൻ തെളിയുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. വാട്ടർ അതോറിറ്റി ഉൾപ്പെടെ മറ്റ് വകുപ്പുകൾക്ക് പ്രവൃത്തിക്കായി കൈമാറിയ റോഡുകളിലും മഴക്കു മുമ്പെ കുഴികൾ അടക്കുന്നത് ഉറപ്പാക്കാനും മന്ത്രി നിർദ്ദേശം നല്കി. വകുപ്പ് സെക്രട്ടറി കെ ബിജു ഉൾപ്പെടെ ഉള്ളവർ യോഗത്തിൽ പങ്കെടുത്തു.




# ഇന്ത്യയിലെ ആദ്യ പെർഫോമിംഗ് ആർട്സ് കോൺഫറൻസിന് ആതിഥ്യം വഹിച്ച് വേൾഡ് ഡിസൈൻ യൂണിവേഴ്സിറ്റി ഓഫ് ഡിസൈൻ

**ഡൽഹി:** വേൾഡ് യൂണിവേഴ്സിറ്റി ഓഫ് ഡിസൈൻ, സോനിപത്ത് ഇന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര പെർഫോമിംഗ് ആർട്സ് കോൺഫറൻസിന് ആതിഥേയത്വം വഹിച്ചു. ഇന്നത്തെ ആഗോള സാഹചര്യത്തിൽ പരമ്പരാഗത കലകളെ എങ്ങനെ സംരക്ഷിക്കാമെന്നും മെച്ചപ്പെടുത്താമെന്നും പ്രസക്തമാക്കാമെന്നും പുനർവിചിന്തനം ചെയ്യുന്നതിനുള്ള സംഭാഷണങ്ങളും ചർച്ചകളും കോൺഫെറൻസി എന്റെ ഭാഗമായി നടന്നു.

ഇന്ത്യൻ സംഗീതം, ക്ലാസിക്കൽ ഡാൻസ്, പെർഫോമിംഗ് ആർട്സ് എന്നിവയുടെ സമൃദ്ധി ഉയർത്തിക്കാട്ടിക്കൊണ്ട് വിദഗ്ധരുടെ മുഖ്യ പ്രഭാഷണങ്ങൾ, അവതരണങ്ങൾ, കലാകാരന്മാരുടെ പ്രകടനങ്ങൾ എന്നിവയും കോൺഫെറൻസിന്റെ ഭാഗമായി സംഘടിപ്പിച്ചു.

പി.ടി. ജയ്കിഷൻ മഹാരാജ്, കഥക് ഗുരു ശശിധരൻ നായർ, കഥകളിചാഹ്ഹൗ കലാകാരിയും ക്രിയേറ്റീവ് മൂവ്മെന്റ് തെറാപ്പി അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹസ്ഥാപകയായ ശ്രീമതി ത്രിപുര കശ്യപ് തുടങ്ങിയവരെ വിശിഷ്ടാതിഥികളായി ആദരിച്ചു.




# പുനലൂർ കൊ ല്ലം പാതയിൽ ആദ്യ എൽഎച്ച്ബി ട്രെയിൻ സർവീസ് 17 മുതൽ തുടങ്ങും

**കൊല്ലം:** പുനലൂർ കൊല്ലം പാതയിൽ എൽഎച്ച്ബി കോച്ചുകളുടെ ആദ്യ ട്രെയിൻ സർവീസ് 17 മുതൽ ഓടി തുടങ്ങും. നിലവിൽ ഈ പാതയിൽ ഐസിഎഫ് കോച്ചുകൾ മാത്രമുള്ള ട്രെയിനുകളാണ് ഓടുന്നത്. താംബരം കൊച്ചുവേളി ദ്വൈവാര സമ്മർ ഏസി സ്പെഷലാണ് (06035 06036) ഇതുവഴി കടന്നു പോകുന്ന ആദ്യ എൽഎച്ച്ബി ട്രെയിൻ. 16 എൽഎച്ച്ബി കോച്ചുകളാണ് ഈ വണ്ടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

താംബരത്ത് നിന്ന് പുറപ്പെടുന്ന വണ്ടി ചെങ്കോട്ട, പുനലൂർ, കൊല്ലം വഴിയാണ് കൊച്ചുവേളിക്ക് പോകന്നത്. താംബരം കൊച്ചുവേളി ഈ മാസം 16 മുതൽ ജൂൺ 29 വരെ വ്യാഴം ശനി, ദിവസങ്ങളിലാണ് സർവീസ് നടത്തുക. തിരികെയുള്ള കൊച്ചുവേളി താംബരം എക്സ്പ്രസ് ഈ മാസം 17 മുതൽ അടുത്ത മാസം 30 വരെ വെള്ളി, ഞായർ ദിവസങ്ങളിലാണ് സർവീസ് ക്രമീകരിച്ചിട്ടുള്ളത്.

താംബരത്ത് നിന്ന് രാത്രി 9.30 ന് യാത്ര തിരിക്കുന്ന വണ്ടി പിറ്റേദിവസം ഉച്ചയ്ക്ക് 1.40ന് കൊച്ചുവേളിയിൽ എത്തും. കൊച്ചുവേളിയിൽ നിന്ന് ഉച്ചയ്ക്ക് 3.35 ന് പുറപ്പെടുന്ന ട്രെയിൻ അടുത്ത ദിവസം രാവിലെ 7.35 ന് താംബരത്ത് എത്തും.

കൊല്ലം, കുണ്ടറ, കൊട്ടാരക്കര, ആവണിശ്വരം, പുനലൂർ, തെന്മല, ചെങ്കോട്ട, തെങ്കാശി, കടയനല്ലൂർ, പാമ്പ്കോവിൽ സന്തൈ, ശങ്കരൻ കോവിൽ, രാജപാളയം, ശ്രീവില്ലിപുത്തൂർ, ശിവകാശി, വിരുദനഗർ, മധുര, ഡിണ്ടിക്കൽ, തിരുച്ചിറപ്പള്ളി, വൃദ്ധാചലം, വില്ലുപുരം, മേൽമറവത്തൂർ, ചെങ്കൽപ്പെട്ട് എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ട്. റിസർവേഷൻ ആരംഭിച്ച് കഴിഞ്ഞു.

നേരത്തേ ഐസിഎഫ് കോച്ചുകൾ മാത്രം ഉള്ള ട്രെയിനുകൾ ഓടിയിരുന്ന റൂട്ടിൽ എൽഎച്ച്ബി, ഗരീബ് രഥ്, വിസ്റ്റോഡം കോച്ചുകൾ ഉപയോഗിച്ചുള്ള ട്രെയിനുകളുടെ പരീക്ഷണ ഓട്ടം മൂന്ന് മാസം മുമ്പ് വിജയകരമായി പൂർത്തിയാക്കിയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിലാണ് ഈ പാതയിൽ എൽഎച്ച്ബി കോച്ചുകൾ ഉള്ള ട്രെയിനുകൾ ഓടിക്കാൻ റെയിൽവേ ബോർഡ് പച്ചക്കൊടി കാട്ടിയത്.

നിലവിൽ ഈ റൂട്ടിൽ 18 കോച്ചുകൾ ഉള്ള ട്രെയിനുകൾ സർവീസ് നടത്താൻ അനുമതിയുണ്ട്. നേരത്തേ കോച്ചുകളുടെ എണ്ണം 14 ആയി നിജപ്പെടുത്തിയിരുന്നു.

ഈ പാതയിലെ ചെറിയ പ്ലാറ്റ്ഫോമുകളുള്ള സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോമുകളുടെ പൊക്കവും നീളവും കൂട്ടുന്ന ജോലികൾ ആരംഭിച്ച് കഴിഞ്ഞു.

അത് കൂടി പൂർത്തീകരിച്ച് കഴിഞ്ഞാൽ 24 കോച്ചുകൾ ഉള്ള വണ്ടികൾ വരെ ഈ റൂട്ടിൽ സർവീസ് നടത്താൻ കഴിയും

# ആമസോൺ ഫയർ ടിവി സ്റ്റിക്ക് 4കെ അവതരിപ്പിച്ചു

**കൊച്ചി:** മികച്ച സ്മാർട്ട് ടിവി എക്സ്പീരിയൻസ് ഉറപ്പു വരുത്താനായി ആമസോൺ ഏറ്റവും പുതിയ ഫയർ ടിവി സ്റ്റിക്ക് 4കെ ഇന്ത്യയിൽ അവതരിപ്പിച്ചു. എൻറർടെയിൻമെൻറ്, ന്യൂസ്, സ്പോർട്സ് എന്നിവയിലുടനീളം 12,000ലേറെ ആപ്പുകളാണ് പുതിയ ഫയർ ടിവി സ്റ്റിക്ക് 4കെ വാഗ്ദാനം ചെയ്യുന്നത്. പ്രൈം വീഡിയോ, നെറ്റ്ഫ്ളിക്സ്, ഡിസ്നി+ഹോട്ട് സ്റ്റാർ, സീ5, ജിയോ സിനിമ തുടങ്ങിയ ജനപ്രിയ പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെയാണിത്. ലളിതമായ വോയ്സ് കമാൻഡുകൾ ഉപയോഗിച്ച് ഉള്ളടക്കം തിരയാനും, പ്ലേ ചെയ്യാനും, അലക്സ വഴി സ്മാർട്ട് ഹോം ഉപകരണങ്ങൾ നിയന്ത്രിക്കാനും പുതിയ ഫയർ ടിവി സ്റ്റിക്ക് 4കെയിലൂടെ സാധിക്കുമെന്ന് ആമസോൺ ഡിവൈസസ് ഇന്ത്യയുടെ ജനറൽ മാനേജർ അനീഷ് ഉണ്ണികൃഷ്ണൻ പറഞ്ഞു.5999 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. ആമസോൺ.ഇൻ-ൽ പ്രീഓർഡർ ചെയ്യാം. 2024 മെയ് 13 മുതൽ ഷിപ്പിങ് ആരംഭിക്കും. ക്രോമ, റിലയൻസ് ഡിജിറ്റൽ, വിജയ് എന്നിവയുടെ ഓൺലൈൻ, ഓഫ്ലൈൻ സ്റ്റോറുകളിൽ 2024 മെയ് 13 മുതൽ വിൽപന ആരംഭിക്കും.മികച്ച അൾട്രാ എച്ച്ഡി പിക്ചർ ക്വാളിറ്റി, ഡോൾബി വിഷൻ, എച്ച്ഡിആർ10+, ഡോൾബി അറ്റ്മോസ് ഓഡിയോ എന്നിവക്കൊപ്പം സിനിമാറ്റിക് 4കെ ഉള്ളടക്കത്തിൻറെ ഫാസ്റ്റ് സ്ട്രീമിങും പുതിയ ഫയർ ടിവി സ്റ്റിക്ക് വാഗ്ദാനം ചെയ്യുന്നു. ഉള്ളടക്കത്തിൻറെ വേഗത്തിലുള്ള സ്ട്രീമിങ്, തടസങ്ങളില്ലാത്ത നാവിഗേഷൻ, വേഗത്തിലുള്ള ആപ്പ് ലോഞ്ച് എന്നിവയ്ക്കൊപ്പം സ്റ്റാൻഡ്ബൈ മോഡിൽ ഉൾപ്പെടെ ഊർജം സംരക്ഷിക്കുന്നതിന് ലോ പവർ മോഡും പുതിയ ഫയർ ടിവി സ്റ്റിക്ക് 4കെയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ ഫയർ ടിവി ഉപകരണ നിരയിലെ ഏറ്റവും ശക്തമായ സ്ട്രീമിങ് സ്റ്റിക്ക് കൂടിയായിരിക്കും ഇത്. ഉപഭോക്താക്കൾക്ക് അലക്സ വഴി എക്കോ സ്മാർട്ട് സ്പീക്കറുകളുമായി ഫയർ ടിവി സ്റ്റിക്ക് 4കെ വയർലെസ് ആയി ബന്ധിപ്പിച്ച് അലക്സ ഹോം തിയേറ്റർ എക്സ്പീരിയൻസ് ആസ്വദിക്കുവാനും കഴിയും.വേഗതയേറിയ പ്രകടനം, മികച്ച ചിത്രവും ഓഡിയോ നിലവാരവും, സ്മാർട്ട് ഫീച്ചറുകൾ, ഗെയിമുകൾക്കുള്ള ഇമ്മേഴ്സീവ് ഗ്രാഫിക്സ് എന്നിവയും മറ്റും നൽകുന്ന സ്ട്രീമിങ് ഓപ്ഷനുകളാണ് പ്രേക്ഷകർ തേടുന്നത്. തങ്ങളുടെ ഏറ്റവും ശക്തമായ ഫയർ ടിവി സ്റ്റിക്ക് 4കെ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് വീട്ടിലിരുന്ന് വിപുലമായ രീതിയിൽ മികച്ച സ്ട്രീമിങ് ആസ്വദിക്കാനാവുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# കരുതലൊരുക്കി ഫെഡറൽ ബാങ്ക്

**നാഗർകോവിൽ :** കടലിനോട് മല്ലിട്ട് ജീവിതം നയിക്കുന്നവർക്ക് പ്രത്യാശയുടെ പുതുജീവിതം സമ്മാനിക്കാൻ ഫെഡറൽ ബാങ്ക്.നാഗർകോവിൽ, അരുമനൈ, മാർത്താണ്ഡം എന്നിവിടങ്ങളിലെ സ്ത്രീ തൊഴിലാളികൾക്കാണ് തീരദേശ വികസന ഗ്രൂപ്പിന്റെ സഹായത്തോടെ, അഞ്ഞൂറിലധികം വരുന്ന സ്വയം സഹായ സംഘങ്ങളിൽ അംഗങ്ങളായുള്ള പതിനായിരത്തിലധികം പേർക്ക് 35 കോടി രൂപ ഇതിനോടകം വായ്പയായി നൽകിയത്. അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും മറ്റു ചിലവുകൾക്കുമാണ് ഭൂരിഭാഗം പേരും വായ്പ എടുത്തിട്ടുള്ളത്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകി അവരെ മുഖ്യധാരയിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഫെഡറൽ ബാങ്ക് വായ്പ നൽകുന്നതെന്ന് ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റും ബ്രാഞ്ച് ബാങ്കിംഗ് മേധാവിയുമായ ഇക്ബാൽ മനോജ് പറഞ്ഞു. നാഗർകോവിലിൽ നടപ്പാക്കിയ വായ്പാപദ്ധതി മികച്ച രീതിയിൽ സ്വീകരിക്കപ്പെട്ടു. സാമ്പത്തികമായി പിന്തുണയ്ക്കുന്നതിലൂടെ ഒരു വ്യക്തിയുടെ ശാക്തീകരണം മാത്രമല്ല തീരദേശവാസികളുടെ മൊത്തത്തിലുള്ള സാമ്പത്തിക ഭദ്രതയാണ് ഞങ്ങൾ ഉറപ്പാക്കുന്നത്. സാമ്പത്തിക ഉൾക്കൊള്ളൽ പദ്ധതികൾക്ക് സമൂഹത്തിൽ വരുത്താനാവുന്ന മാറ്റങ്ങളുടെ ഉത്തമോദാഹരണമായി വായ്പാപദ്ധതിയുടെ വിജയത്തെ വിലയിരുത്താമെന്നും ഇക്ബാൽ മനോജ് പറഞ്ഞു. മിതമായ പലിശനിരക്കിൽ നൽകുന്ന ഇത്തരം വായ്പകളുടെ തിരിച്ചടവ് കൃത്യമാണെന്ന് ബാങ്ക് സാക്ഷ്യപ്പെടുത്തുന്നു. ഒരു സംഘത്തിന് പരമാവധി പതിനഞ്ചു ലക്ഷം രൂപയാണ് ലഭിക്കുക. അടുത്ത ഘട്ടത്തിൽ 20000 പേരിലേക്കാണ് പദ്ധതിയുടെ ഗുണഫലം എത്തിക്കാൻ ബാങ്ക് ലക്ഷ്യമിടുന്നത്. ഇതിലൂടെ 50 കോടി രൂപയുടെ വായ്പ വിതരണവും സാധ്യമാകും. നേരത്തെ, ചെന്നൈ രാമനാഥപുരത്തും പുളിക്കാട്ടുമുള്ള തീരദേശവാസികൾക്ക് ഫെഡറൽ ബാങ്ക് വായ്പകൾ ലഭ്യമാക്കിയിരുന്നു.

FEDERAL BANK
YOUR PERFECT BANKING PARTNER




# ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ സമഗ്ര ഡയബറ്റിക് സെന്റർ

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ സമഗ്ര ഡയബറ്റിക് കേന്ദ്രത്തിനു തുടക്കം കുറിച്ചു. കമ്പനിയുടെ കോർപ്പറേറ്റ് സാമൂഹ്യ പ്രതിബദ്ധതാ പരിപാടിയുടെ (സിഎസ്ആർ) ഭാഗമായി റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഈസ്റ്റുമായി സഹകരിച്ചാണിത് സ്ഥാപിച്ചത്.മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ്ജ് എം ജോർജ്ജ് പുതിയ ഡയബറ്റിക് കേന്ദ്രത്തിൻറെ ഉദ്ഘാടനം നിർവഹിച്ചു. ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി പ്രസിഡൻറ് എം ഒ ജോൺ അധ്യക്ഷത വഹിച്ചു.

രാജ്യസഭാംഗം ജെബി മേത്തർ, ആശുപത്രി വൈസ് പ്രസിഡൻറ് അഡ്വ. ബി എ അബ്ദുൾ മുത്തലീബ്, സെക്രട്ടറി അജയ് തറയിൽ, റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഈസ്റ്റ് പ്രസിഡൻറ് വിനു മാമ്മൻ എന്നിവർ സംബന്ധിച്ചു.പ്രമേഹം കണ്ടെത്താനും നേരത്തെയുള്ള ഘട്ടങ്ങളിൽ പ്രവചിക്കാനും സഹായിക്കുന്ന ആധുനിക രോഗനിർണയ സംവിധാനങ്ങൾ ഈ കേന്ദ്രത്തിലുണ്ട്. എച്ച്ബിഎ1സി, ഫാസ്റ്റിങ്, പോസ്റ്റ് പ്രാൻഡിയൽ ഷുഗർ നിലവാരം, ഓറൽ ഗ്ലൂക്കോസ് ടോളറൻസ് പരിശോധനകൾ, റെനൽ ഫങ്ഷൻ പരിശോധന, യൂറിൻ റൂട്ടീൻ വിശകലനം തുടങ്ങിയ സമഗ്ര ലാബ് പരിശോധനകൾ ഇവിടെ സാധ്യമാകും.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663